പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2619 — 27.01.2014 - ൽ മറുപടിക്ക്

## തിരുവനന്തപുരം ജില്ലയിലെ ജെ.പി.എച്ച്.എൻ. മാരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | ആരോഗ്യവകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിൽ ജെ.പി.എച്ച്.എൻ തസ്തികയിലേക്കുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നിലവിൽ എത്രപേരെ നിയമിച്ചു എന്നും ഒഴിവുകൾ എത്രയാണെന്നും വ്യക്തമാക്കുമോ : | എ) | 10.12.13 വരെ 169 ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. പി.എസ്.സി അഡ്വൈസ് ചെയ്ത 44 (നാൽപത്തിനാല്) ജെ.പി. എച്ച്.എൻ ഗ്രേഡ്-2-നും നിയമനം നൽകിയിട്ടുണ്ട്. പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായിട്ടുള്ള ഒഴിവുകളൊന്നും തന്നെ നിലവിലില്ല. ടി തസ്തികയിൽ നിലവിൽ 4 ഒഴിവുകളാണ് അവശേഷിക്കുന്നത്. |
| ബി) | 12.06.2012-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കപ്പെട്ട ജെ.പി. എച്ച്.എൻ മാരുടെ കാറ്റഗറി തിരിച്ചുള്ള റാങ്ക് നമ്പരുകൾ ലഭ്യമാക്കുമോ : | ബി) | പി.എസ്.സി അയച്ചുതരുന്ന അഡ്വൈസിൽ കാറ്റഗറിതിരിച്ചുള്ള റാങ്ക്നമ്പർ കാണിക്കാറില്ല. |
| സി) | കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം തിരുവനന്തപുരം ജില്ലയിലെ ജനസംഖ്യയുടെ അനുപാതത്തിൽ ആകെ വേണ്ട ജെ.പി.എച്ച്.എൻ തസ്തികകൾ എത്രയാണെന്നു അറിയിക്കുമോ ? | സി) | 567 (അഞ്ഞൂറ്റി അറുപത്തിയേഴ്) തസ്തികകളാണ് ജില്ലാ മെഡിക്കൽ ആഫീസിന്റെ നിയന്ത്രണത്തിൽ വരേണ്ടത്. കോർപ്പറേഷൻ/മുൻസിപ്പാലിറ്റി പ്രദേശങ്ങളിലെ ജനസംഖ്യാനുപാതികമായി ആവശ്യമുള്ള അധിക തസ്തികകളുടെ എണ്ണം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ